# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5223 — 02.07.2013-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സഹകരണ സംഘങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; | (എ) സഹകരണ സ്ഥാപനങ്ങളിലെ ധൂർത്തും അഴിമതിയും പരാതികളിലൂടെയും പരിശോധനകളിലൂടെയും ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) സഹകരണ നിയമത്തിനും ചട്ടത്തിനും സഹകരണ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘം ഭാരവാഹികൾക്കെതിരെ ബഹു. ഹൈക്കോടതിയുൾപ്പെടെയുള്ള നീതിന്യായ സ്ഥാപനങ്ങളിൽ അംഗങ്ങൾ നൽകുന്ന കേസ്സുകൾ നടത്തുന്നതിന്, സംഘം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപ അനധികൃതമായി ചെലവഴിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (ബി) സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിരുന്ന കേസ്സുകളിൽ സഹകരണ നിയമം വകുപ്പ് 68 പ്രകാരം ഉത്തരവാദികളായവരെ സർച്ചാർജ്ജ് ചെയ്യുന്നതിനും സംഘത്തിനുണ്ടായ നഷ്ടം അവരിൽ നിന്നും സഹകരണ നിയമം വകുപ്പ് 69 പ്രകാരം ആർബിട്രേഷൻ നടപടികൾ സ്വീകരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ അഡ്വക്കേറ്റ് ഫീസ് കൊടുക്കുന്നതിൽ വേണ്ട നിയന്ത്രണം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാറുടെ 78/2011 സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾക്കെതിരെ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് നടപടിയെടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ? | (സി) സഹകരണ സ്ഥാപനങ്ങളിലെ ഭാരവാഹികൾക്കെതിരെ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിശോധിക്കുന്നതിന് സഹകരണ സംഘം ഇൻസ്പെക്ടർമാർ, ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാർ, ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ എന്നിവർക്ക് നിയമപ്രകാരം നൽകിയിട്ടുള്ള അധികാരത്തിനു പുറമേ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിന് പോലീസ് നേതൃത്വം നൽകുന്ന പ്രത്യേക വിജിലൻസ് സംവിധാനവും സഹകരണ വകുപ്പിന് നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**